# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **26-07-2021 - ൽ മറുപടിയ്ക്ക്**

## പട്ടയ ഭൂമിയിലെ മരംമുറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനു അനുമതി നൽകികൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിനു മുൻപ് നിയമവകുപ്പിന്റെയും അഡീഷണൽ എ. ജി. യുടെയും അഭിപ്രായം സ്വരൂപിച്ച് ശിപാർശ ഉൾപ്പെടുത്തി സമർപ്പിക്കാൻ 21.10.2019-ന് അന്നത്തെ റവന്യൂ മന്ത്രി നിർദ്ദേശിച്ചിരുന്നോ; | (എ) | 1960 ലെ ഭൂമി പതിവ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച 1993 ലെ വനഭൂമി പതിച്ചു നൽകൽ ചട്ടങ്ങളുപ്പെടെയുള്ള എല്ലാ ചട്ടങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ കർഷകർ വച്ച് പിടിപ്പിക്കുന്നതും വളർത്തി കൊണ്ടുവരുന്നതുമായ എല്ലാ മരങ്ങളും മുറിക്കുന്നതിന് അനുമതി നൽകുന്നത് നിയമപരമായി നിലനിൽക്കുന്നതാണോയെന്ന് സംബന്ധിച്ച് നിയമവകുപ്പിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെയും അഭിപ്രായം കൂടി സ്വരൂപിച്ച് അതനുസരിച്ച് ശിപാർശ ഉൾപ്പെടുത്തി സമർപ്പിക്കാനാണ് മുൻ റവന്യൂ മന്ത്രി നിർദ്ദേശിച്ചിരുന്നത്. |
| (ബി) | ഇപ്രകാരം മരങ്ങൾ മുറിക്കുന്നതിനു 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കുന്നതിന് നിയമവകുപ്പിന്റെയും അഡീഷണൽ എ.ജി.യുടെയും അഭിപ്രായം ലഭ്യമായിരുന്നോ; | (ബി) | ഇല്ല. 2005 ലെ The Kerala Promotion of Tree Growth Act ലെ 6 -ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് 24.10.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചത്. നിയമത്തിൽ വ്യക്തമായ വ്യവസ്ഥ ഉള്ളതിനാലാണ് ഇക്കാര്യത്തിൽ കൂടുതൽ നിയമോപദേശം ആരായാതിരുന്നത്. |
| (സി) | ഇല്ലെങ്കിൽ നിയമ വകുപ്പിന്റെയോ അഡീഷണൽ എ. ജി.യുടെയോ ഉപദേശം ലഭിക്കുന്നതിന് മുൻപ് പ്രസ്തുത ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ; | (സി) | ഇല്ല. 2005 ലെ The Kerala Promotion of Tree Growth Act ലെ 6 -ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് 24.10.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചത്. നിയമത്തിൽ വ്യക്തമായ വ്യവസ്ഥ ഉള്ളതിനാലാണ് ഇക്കാര്യത്തിൽ കൂടുതൽ നിയമോപദേശം ആരായാതിരുന്നത്. |
| (ഡി) | 21.10.2019-ന് അന്നത്തെ റവന്യൂ മന്ത്രി നിർദ്ദേശിച്ചിരുന്ന നിയമോപദേശം ലഭ്യമാകുന്നതിനു മുൻപ് അദ്ദേഹം തന്നെ പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള | (ഡി) | ഇല്ല. 2005 ലെ The Kerala Promotion of Tree Growth Act ലെ 6 -ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് 24.10.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചത്. നിയമത്തിൽ വ്യക്തമായ വ്യവസ്ഥ |

| | | | |
|---|---|---|---|
| | മരങ്ങൾ മുറിക്കുന്നതിന് ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | | ഉള്ളതിനാലാണ് ഇക്കാര്യത്തിൽ കൂടുതൽ നിയമോപദേശം ആരായാതിരുന്നത്. |

സെക്ഷൻ ഓഫീസർ